Malayala manorama 18.10.17

# കാർഷിക സർവകലാശാലാ വിസി: രവിരാമൻ സമിതിയിൽ

മണ്ണുത്തി • കാർഷിക സർവകലാശാലാ വൈസ് ചാൻസലറെ തിരഞ്ഞെടുക്കാനുള്ള മൂന്നംഗ സമിതിയിലെ സർവകലാശാലാ ജനറൽ കൗൺസിലിന്റെ പ്രതിനിധിയായി സംസ്ഥാന ആസൂത്രണ ബോർഡംഗം ഡോ.രവി രാമനെ നാമനിർദേശം ചെയ്തു. കുമരകത്ത് ചേർന്ന യോഗത്തിൽ കൃഷി മന്ത്രി വി.എസ്.സുനിൽകുമാർ അധ്യക്ഷത വഹിച്ചു. ജനറൽ കൗൺസിലിന്റെയും ചാൻസലറുടെയും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെയും പ്രതിനിധികളടങ്ങുന്ന സമിതിയാണ് വൈസ് ചാൻസലറെ തിരഞ്ഞെടുക്കേണ്ടത്. ഇപ്പോഴത്തെ വൈസ് ചാൻസലറുടെ കാലാവധി ഒക്ടോബർ 31ന് അവസാനിക്കുന്ന പശ്ചാത്തലത്തിലാണ് ഈ തീരുമാനം. കാർഷിക സർവകലാശാലയുടെ പുതിയ അക്കാദമിക്ക്

സി.അച്യുത മേനോൻ സ്മാരക പഠന, ഗവേഷണ ബ്ലോക്ക് എന്ന് നാമകരണം ചെയ്യാനും തീരുമാനിച്ചതായി വൈസ് ചാൻസലർ ഡോ.പി.രാജേന്ദ്രൻ പറഞ്ഞു. കാർഷികോൽപാദന കമ്മിഷണർ ടിക്കാറാം മീണ, റജിസ്ട്രാർ ഡോ. എസ്. ലീനാകുമാരി, തിരഞ്ഞെടുക്കപ്പെട്ട അധ്യാപക, അനധ്യാപക, വിദ്യാർഥി പ്രതിനിധികൾ, നാമനിർദേശം ചെയ്യപ്പെട്ട ശാസ്ത്രജ്ഞർ, കർഷക പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.